REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 05-08-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് R മാർക്കോസും ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല ചർച്ച നടത്തും.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരീക്ഷാ പേ ചർച്ചയ്ക്ക് ഗിന്നസ് ലോക റെക്കോർഡ്.**
- **കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസത്തിന് കൂടുതൽ അവസരങ്ങൾ ഒരുക്കുമെന്ന് മന്ത്രി വീണാജോർജ്.**
- **സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ അതിശക്ത മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ചുവപ്പ് ജാഗ്രത. വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.**
- **ഇന്ത്യ-ഇംഗ്ലണ്ട് അഞ്ചു മത്സര ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിൽ ഇന്ത്യയ്ക്ക് ഉജ്ജ്വല വിജയം.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയും അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് R മാർക്കോസും ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല ചർച്ച നടത്തും. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, സമുദ്ര സഹകരണം, കൃഷി, ആരോഗ്യ സംരക്ഷണം, ഫാർമസ്യൂട്ടിക്കൽസ്, ഡിജിറ്റൽ സാങ്കേതികവിദ്യകൾ തുടങ്ങിയവ ഇരുനേതാക്കളും അവലോകനം ചെയ്യും. വിവിധ മേഖലകളിൽ നിരവധി ധാരണാപത്രങ്ങളും ഇരുവരും ഒപ്പുവെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

രാഷ്ട്രപതി ദ്രൗപതി മുർമുവുമായും ഫിലിപ്പീൻസ് പ്രസിഡണ്ട് കൂടിക്കാഴ്ച നടത്തും.

ചർച്ച, ഇരു നേതാക്കളും തമ്മിലെ ഉഭയകക്ഷി പങ്കാളിത്തം ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

ന്യൂഡൽഹിയിലെ കർത്തവ്യഭവൻ നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി രാഷ്ട്രത്തിന് സമർപ്പിക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ഭരണ നടപടി ക്രമങ്ങൾ സുഗമമാക്കുന്നതിനും, വേഗം കൂട്ടുന്നതിനും ലക്ഷ്യമിടുന്ന പൊതു സെൻട്രൽ സെക്രട്ടറിയേറ്റ് കെട്ടിടങ്ങളിൽ ആദ്യത്തേതാണ് കർത്തവ്യ ഭവൻ. ഡൽഹിയിൽ വിവിധയിടങ്ങളിലായി സ്ഥിതി ചെയ്യുന്ന വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഏകോപിപ്പിച്ച് കാര്യക്ഷമത, നവീകരണം, സഹകരണം എന്നിവ വളർത്തിയെടുക്കുന്നതിനാണ് കർത്യ ഭവൻ രൂപകൽപന ചെയ്തതെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

രണ്ട് ബേസ്മെന്റുകളും ഏഴു നിലകളുമായി ഒന്നര ലക്ഷം ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് കേന്ദ്ര സെക്രട്ടറിയേറ്റ് ഒരുക്കിയത്. ആധുനികവും കാര്യക്ഷമവും പൗരകേന്ദ്രീകൃതവുമായ ഭരണം ഉറപ്പുവരുത്തുകയെന്ന പ്രധാനമന്ത്രിയുടെ ദർശനത്തോട് ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് ഇത് വ്യക്തമാക്കുന്നതെന്നും പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

✪✪✪

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വിജയകരമായി സംഘടിപ്പിച്ചുവരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരീക്ഷാ പേ ചർച്ചയ്ക്ക് ഗിന്നസ് ലോക റെക്കോർഡ്. ഒരു മാസത്തിനുള്ളിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷനുകൾ നടത്തിയ പരിപാടിക്കാണ് ഗിന്നസ് ലോക റെക്കോർഡ്. പരിപാടിയുടെ എട്ടാം പതിപ്പിൽ ലഭിച്ച മൂന്ന് കോടി 53 ലക്ഷം രജിസ്ട്രേഷനുകൾക്കാണ് അംഗീകാരം.

✪✪✪

NDAയുടെ നിർണായക യോഗം ഇന്ന് രാവിലെ ന്യൂഡൽഹിയിൽ ചേരും. ലോക്സഭയിലെയും രാജ്യസഭയിലെയും അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കും. യോഗത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും.

ബീഹാറിലെ വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണം ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യത്തെച്ചൊല്ലി പ്രതിപക്ഷം പാർലമെന്റ് നടപടികൾ തടസ്സപ്പെട്ടുത്തുന്ന സാഹചര്യത്തിലാണ് യോഗം.

✪✪✪

ഏഴു ദിവസത്തെ ആഗോള കടുവാ ദിനാഘോഷങ്ങൾ ന്യൂഡൽഹിയിലെ നാഷണൽ സുവോളജിക്കൽ പാർക്കിൽ സമാപിച്ചു. കടുവാ സംരക്ഷണത്തിന്റെയും വിശാല പരിസ്ഥിതികാര്യ നിർവഹണത്തിന്റെയും പ്രധാന്യത്തെക്കുറിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവത്ക്കരിക്കാൻ ലക്ഷ്യമിട്ടാണ് ആഗോള കടുവദിനമായ ജൂലായ് 29 മുതൽ ഓഗസ്റ്റ് നാല് വരെ പരിപാടി സംഘടിപ്പിച്ചത്.

ഡൽഹിയിലെ 27 സ്കൂളുകളിൽ നിന്ന് 1,935 വിദ്യാർത്ഥികളും, 175 അധ്യാപകരും, അനുബന്ധ ജീവനക്കാരും ദിനാഘോഷങ്ങളിൽ പങ്കു ചേർന്നു.

✪✪✪

ഉക്രൈൻ സംഘർഷത്തിനുശേഷം റഷ്യയിൽ നിന്ന് ഇന്ധനം ഇറക്കുമതി ചെയ്തതിന് അമേരിക്കയും യൂറോപ്യൻ യൂണിയനും ഇന്ത്യയെ കുറ്റപ്പെടുത്തുന്നത് ന്യായരഹിതമാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഏതൊരു പ്രധാന സമ്പദ്‌വ്യവസ്ഥയെയും പോലെ, ഇന്ത്യ ദേശീയ താൽപ്പര്യങ്ങളും സാമ്പത്തിക സുരക്ഷയും സംരക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി.

റഷ്യ-ഉക്രൈൻ സംഘർഷം ആരംഭിച്ചതിനുശേഷം ഇന്ധനവിതരണം യൂറോപ്പിലേക്ക് വഴിതിരിച്ചുവിട്ടതിനാലാണ്, ഇന്ത്യ റഷ്യയിൽ നിന്ന് ഇന്ധനം ഇറക്കുമതി ചെയ്യാൻ തുടങ്ങിയത്. അമേരിക്ക, യുറേനിയം ഹെക്സാഫ്ലൂറൈഡ്, പല്ലേഡിയം, രാസവസ്തുക്കൾ എന്നിവ റഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്യുന്നത് തുടരുകയാണെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

പഹൽഗാം ഭീകരരുടെ വ്യക്തിവിവരങ്ങൾ പശ്ചാത്തലം എന്നിവ സംബന്ധിച്ച് സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ രാജ്യരക്ഷാ മന്ത്രാലയം നിഷേധിച്ചു. സായുധ സേനയുടെ പബ്ലിക് റിലേഷൻസ് ഓഫീസുകളോ ഏതെങ്കിലും വക്താക്കളോ ഇത്തരത്തിൽ ഒരു പരാമർശവും നടത്തിയിട്ടില്ലെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

സെൻ്റർ ഫോർ ജോയിന്റ് വാർഫെയർ സ്റ്റഡീസ് സ്ഥാപക ദിനത്തോടനുബന്ധിച്ച് ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പരയിൽ സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ ഉദ്ഘാടന പ്രഭാഷണം നടത്തും. ഭാവി യുദ്ധമേഖലയിൽ ആധിപത്യം സ്ഥാപിക്കുകയെന്നതാണ് ഈ വർഷത്തെ പ്രഭാഷണ വിഷയം.

അന്തരിച്ച മുൻ സൈനിക മേധാവി ജനറൽ ബിപിൻ റാവത്തിന്റെ പ്രബന്ധം ചടങ്ങിൽ പ്രകാശനം ചെയ്യുമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

പ്രധാൻമന്ത്രി ഫസൽ ബീമാ യോജനയുടെ രജിസ്ട്രേഷൻ സമയപരിധി ഈ മാസം 14 വരെ നീട്ടിയതായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. കാർഷിക ഉൽപ്പന്നങ്ങൾ ഇൻഷ്വർ ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാ കർഷകർക്കും ഔദ്യോഗികവെബ്സൈറ്റ് വഴിയോ, കോമൺ സർവീസ് സെന്റർ വഴിയോ രജിസ്റ്റർ ചെയ്യാം.

✪✪✪

പ്രധാൻമന്ത്രി മാതൃ വന്ദന യോജനയുടെ പ്രത്യേക രജിസ്ട്രേഷൻ ഡ്രൈവ് ഈ മാസം 15 വരെ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം നീട്ടി. അംഗൻവാടി-ആശാ പ്രവർത്തകർ വീടുതോറും നടത്തുന്ന ബോധവൽക്കരണ എൻറോൾമെന്റ് ക്യാമ്പയിനായ പദ്ധതിയിൽ, എല്ലാ ഗർഭിണികളുടെയും മൂലയൂട്ടുന്ന സ്ത്രീകളുടെയും സമയബന്ധിത രജിസ്ട്രേഷൻ ഉറപ്പുവരുത്തും. നാലു കോടിയലധികം ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴിയോ പോസ്റ്റ് ഓഫീസ് അക്കൗണ്ടു വഴിയോ ആനുകൂല്യം നൽകിയതായും ഈയിനത്തിൽ 19,028 കോടി രൂപ പ്രസവാനുകൂല്യം അനുവദിച്ചതായും വനിതാ-ശിശു വികസമ മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിന് കൂടുതൽ അവസരങ്ങൾ ഒരുക്കുമെന്ന് മന്ത്രി വീണാജോർജ് അറിയിച്ചു. കൊല്ലം ആശ്രാമത്തെ ഗവൺമെന്റ് നഴ്സിംഗ് സ്കൂളിലെ പുതിയ സ്കിൽ ലാബ് മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഒരു കോടി 54 ലക്ഷം രൂപ ചെലവഴിച്ചാണ് ലാബ് നിർമ്മിച്ചത്. സംസ്ഥാനത്ത് കിഫ്ബിയിലൂടെ 10,000 കോടി രൂപയുടെ നിർമാണപ്രവർത്തനങ്ങളാണ് ആരോഗ്യമേഖലയിൽ നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

പുതുതായി രണ്ടു മെഡിക്കൽ കോളജുകൾ ആരംഭിച്ചെന്നും, മെഡിക്കൽ PG സീറ്റുകൾ വർദ്ധിപ്പിച്ചെന്നും വ്യക്തമാക്കിയ മന്ത്രി, BSc നഴ്സിംഗ് സീറ്റുകൾ 1,250 ആക്കിയെന്നും അറിയിച്ചു.

✪✪✪

അൺ എയ്ഡഡ് സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ കച്ചവടം അനുവദിക്കില്ല എന്നതാണ് ഗവണ്മെന്റിന്റെ ഉറച്ച നിലപാടെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. മലപ്പുറം ജില്ലയിലെ വിവിധ സ്കൂളുകളുടെ കെട്ടിടങ്ങ്ല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

അടുത്ത വർഷംമുതൽ അൺ എയ്ഡഡ് സ്കൂളുകളിലെ സിലബസ് ഏകീകരിക്കുമെന്നും, ഇഷ്ടമുള്ള സിലബസ് പഠിപ്പിക്കാൻ അനുവദിക്കില്ലെന്നും ഒന്നാം ക്ലാസ് പ്രവേശനത്തിന് സംഭാവന വാങ്ങുന്നത് ദേശീയ വിദ്യാഭ്യാസനയത്തിന് എതിരാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

തദ്ദേശസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ മറ്റന്നാൾ വരെ അവസരം. അന്തിമ വോട്ടർപട്ടിക 30-ന് പ്രസിദ്ധീകരിക്കും. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ അതിശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയാണ്.

ആകാശവാണി പ്രതിനിധി M. സ്മിതി തയ്യാറാക്കിയ റിപ്പോർട്ട്.

.....(വോയ്സ്)...............

✪✪✪

പത്തനംതിട്ട കക്കി- ആനത്തോട് ഡാമിന്റെ നാല് ഷട്ടറുകൾ ഇന്ന് രാവിലെ 11 ന് തുറക്കും. 30 മുതൽ 60 സെന്റിമീറ്റർ വരെയാണ് ഷട്ടറുകൾ ഉയർത്തുക. 50 മുതൽ പരമാവധി 100 ക്യുമെക്സ് അധികജലം പമ്പാ നദിയിലേക്കു ഒഴുക്കും.

  പമ്പാ നദിയുടെയും കക്കാട്ടാറിന്റെയും  കരകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന്  ജില്ലാ കളക്ടർ  അറിയിച്ചു.

നദികളിൽ ഇറങ്ങരുതെന്നും, താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ സുരക്ഷിത സ്ഥാനത്തേക്ക് മാറണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

കഴിഞ്ഞദിവസം ഇരുവഞ്ഞിപ്പുഴയിൽ കോടഞ്ചേരി പതങ്കയത്ത് ഒഴുക്കിൽപ്പെട്ട് കാണാതായ മലപ്പുറം മഞ്ചേരി സ്വദേശി അലൻ അഷ്റഫിന് വേണ്ടി  തിരച്ചിൽ ഇന്നും തുടരും.  ഞായറാഴ്ച ഉച്ചയോടെ കുളിക്കുന്നതിനിടെയാണ്  അലൻ ഒഴുക്കിൽപ്പെട്ടത്.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് അഞ്ചു മത്സര ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിൽ ഇന്ത്യയ്ക്ക്  ഉജ്ജ്വല വിജയം. ഇംഗ്ലണ്ടിനെ ആറു റൺസിനാണ് ഇന്ത്യ തോൽപ്പിച്ചത്.  ഇതോടെ ടെസ്റ്റ് 2-2 സമനിലയിൽ അവസാനിച്ചു.

 ഇന്ത്യൻ താരം മുഹമ്മദ് സിറാജാണ് പ്ലേയർ ഓഫ് ദ മാച്ച്, ഇന്ത്യൻ ക്യാപ്റ്റൻ ശുഭ്മൻ ഗിൽ, ഇംഗ്ലണ്ട് ബാറ്റർ ഹാരി ബ്രൂക്ക് എന്നിവരെ പരമ്പരയിലെ മികച്ച കളിക്കാരായി തിരഞ്ഞെടുത്തു.

✪✪✪

ഇംഫാലിൽ 134-ാമത് ഇന്ത്യൻ ഓയിൽ ഡ്യൂറാന്റ് കപ്പ് ഫുട്ബോളിൽ റിയൽ കശ്മീർ FC,  ട്രായു FC യെ ഒന്നിനെതിരെ രണ്ട് ഗോളിന് തോൽപ്പിച്ചു. വിജയത്തോടെ ഗ്രൂപ്പ് F ൽ മൂന്ന് പോയിന്റുമായി റിയൽ കശ്മീർ രണ്ടാം സ്ഥാനത്തെത്തി.  മറ്റന്നാൾ നെറോക്ക FC, ഇന്ത്യൻ നേവിയെ നേരിടും.

✪✪✪

പത്തനംതിട്ട സെൻറ് ജോസഫ് ഹൈസ്കൂളിലെ നാറാണംമൂഴിയിലെ അധ്യാപികയുടെ ശമ്പളവും  ആനുകൂല്യങ്ങളും  വിതരണം ചെയ്യുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരെ പൊതുവിദ്യാഭ്യാസ വകുപ്പ് സസ്പെൻഡ് ചെയ്തു. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പി.എ അനിൽകുമാർ, സൂപ്രണ്ട് ഫിറോസ്, സെക്ഷൻ ക്ലർക്ക് ബിനി എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.

✪✪✪

കാലാവസ്ഥാ വ്യതിയാനത്തിനെതിരെ പ്രാദേശിക പ്രവർത്തനമെന്ന നിലയിൽ പുതിയ ചുവടുവെപ്പായി കോഴിക്കോട് വേങ്ങേരിയിലെ 'മേട' എന്ന വീടിന്

CWRDM കാർബൺ സന്തുലിത ഭവന പദവി നൽകി. സംസ്ഥാനത്ത് ഔദ്യോഗികമായി കാർബൺ സന്തുലിത പദവി ലഭിക്കുന്ന ആദ്യത്തെ വീടാണിത്. CWRDM ക്യാമ്പസിൽ സംഘടിപ്പിച്ച ചടങ്ങിൽ 'മേട കാർബൺ സന്തുലിത ഭവന റിപ്പോർട്ട്' മേയർ ഡോ. ബീന ഫിലിപ്പ് പ്രകാശനം ചെയ്തു.

✪✪✪

ആലപ്പുഴ ചെന്നിത്തലയിൽ നിർമാണത്തിനിടെ പാലത്തിന്റെ സ്പാൻ ഇളകി ആറ്റിൽ വീണ് രണ്ട് പേർ മരിച്ചു. തൃക്കുന്നപ്പുഴ കിഴക്കേക്കര സ്വദേശി ബിനു, മാവേലിക്കര കല്ലുമല സ്വദേശി രാഘവ് കാർത്തിക്ക് എന്നിവരാണ് മരിച്ചത്. ഇന്നലെ ഉച്ചയോടെയായിരുന്നു അപകടം. സ്പാൻ തകർന്ന് നിർമ്മാണ തൊഴിലാളികളായ 7 പേർ ആറ്റിലേക്ക് വീഴുകയായിരുന്നു. 5 പേർ നീന്തി കരക്ക് കയറി. തുടർന്ന് നടത്തിയ തിരച്ചിലിൽ ആണ് രണ്ട് പേരുടെ മൃതദേഹം കിട്ടിയത്.

✪✪✪

ആലപ്പുഴ ജില്ലയിലെ ചെന്നിത്തലയിലെ കീച്ചേരിക്കടവ് പാലം നിർമാണത്തിനിടെ ഉണ്ടായ അപകടം അത്യന്തം ദു:ഖകരമാണെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. സംഭവത്തെക്കുറിച്ച് അടിയന്തര അന്വേഷണം നടത്തി മൂന്നു ദിവസത്തിനകം റിപ്പോർട്ട് നൽകാൻ പൊതുമരാമത്ത് വകുപ്പിന് നിർദേശം നൽകിയതായി മന്ത്രി പറഞ്ഞു.

✪✪✪

നിത്യഹരിത നായകൻ പ്രേംനസീറിന്റെ മകനും നടനുമായ ഷാനവാസ് അന്തരിച്ചു. 71 വയസായിരുന്നു. തിരുവനന്തപുരത്തെ ആശുപത്രിയിലായിരുന്നു അന്ത്യം. മലയാളത്തിൽ 50 ലധികം ചിത്രങ്ങളിൽ ഷാനവാസ് അഭിനയിച്ചിട്ടുണ്ട്. ബാലചന്ദ്രമേനോൻ സംവിധാനം ചെയ്ത പ്രേമഗീതങ്ങൾ എന്ന ചിത്രത്തിലൂടെയാണ് സിനിമാരംഗത്ത് അരങ്ങേറ്റം കുറിച്ചത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRTs: ഫസ്ന ഫാത്തിമ*
*DEO: ഷീബ*